# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 713 28.02.2017- ൽ മറുപടിയ്ക്ക്

## പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗക്കാരുടെ ലോണുകൾ എഴുതി തള്ളൽ

**ചോദ്യം**

**ശ്രീ. ബി.സത്യൻ**

എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ (എ) നിന്നും പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് അനുവദിച്ചിട്ടുള്ള ലോണുകളിൽ ഏതു വർഷം വരെയുള്ള ലോണുകൾ എഴുതി തള്ളിയിട്ടുണ്ട്; ഇപ്പോൾ ഏതു വർഷം വരെ എഴുതി തള്ളാൻ തീരുമാനിച്ചിട്ടുണ്ട്; വിശദമാക്കുമോ;

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**

(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

ഒന്നര ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും എടുത്തിരുന്നതും 31.03.2006 ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 25,000/- രൂപ വരെയുള്ള വായ്പകൾ എഴുതി തള്ളിയിട്ടുണ്ട്.

ഇതേ പദ്ധതിയിൻ കീഴിൽ പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും എടുത്തിരുന്നതും 31.03.2006 ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 50,000/- രൂപ വരെയുള്ള വായ്പകൾ എഴുതി-ത്തള്ളിയിട്ടുണ്ട്. കൂടാതെ ഇതേ പദ്ധതിയിൻ കീഴിൽ പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും എടുത്തിരുന്നതും 31.03.2010 ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകളും എഴുതി തള്ളിയിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 01.04.2006 മുതൽ 31.03.2014 വരെയുള്ള കാലയളവിൽ തിരിച്ചടവ് കാലാവധി തീർന്ന് കുടിശ്ശികയായിട്ടുള്ളതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ പലിശയും, പിഴപലിശയും അടക്കം എഴുതിത്തള്ളുന്നതിനുള്ള നടപടി പുരോഗമിച്ചു വരികയാണ്.

.........2

ബി) സഹകരണ ബാങ്കുകളിൽ ലോൺ ബാദ്ധ്യതയുള്ള പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗക്കാർ മരണപ്പെട്ടാൽ വായ്പ എഴുതി തള്ളാൻ പദ്ധതികൾ നിലവിൽ ഉണ്ടോ; വിശദമാക്കുമോ?

(ബി) ഇപ്രകാരമുള്ള പദ്ധതി ഇപ്പോൾ നിലവിലില്ല. എന്നാൽ വായ്പക്കാരൻ സഹകരണ റിസ്ക് ഫണ്ട് സ്കീമിൽ ചേർന്നിട്ടുള്ള ആളാണെങ്കിൽ പ്രസ്തുത സ്കീം അർഹത പ്രകാരം 1.50 ലക്ഷം രൂപ വരെ ആനുകൂല്യം ലഭിയ്ക്കാൻ അർഹതയുണ്ട്.

**സെക്ഷൻ ഓഫീസർ**